


**Thomas Varghese**
Philadelphia







**Cherian Korah**
Philadelphia







**Philipose Cherian**
Philadelphia

## ആർദ്രമാനസനായ...

4–ാം പേജിൽനിന്നും

ക്കുദാശസ്സായി നോമ്പുനോററിരിക്കുകയായിരുന്നു.

മൂറോൻക്കൂദാശ നടത്താൻ പോകുന്നതിനാൽ പള്ളിയകത്തേക്ക് മൃതശരീരം കൊണ്ടു പോകുവാൻ ബാവാ അനുവദിച്ചില്ല. അദ്ദേഹം പുറത്തേയ്ക്കിറങ്ങിവന്നു.

ഒരു നിമിഷം ആ മുഖത്തേക്ക് നോക്കിനിന്നു. പിന്നെ മൃതദേഹം വഹിച്ചിരുന്ന വണ്ടിയിൽ കയറിനിന്ന് ആ രണ്ടു കവിളുകളിലും ചുംബിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ഇരുകവിളുകളിലൂടെയും ഒഴുകിയ അശ്രുധാര നിന്ന ജനത്തെയൊക്കെ കരയിച്ചു.

പ: ബാവാ തിരുമനസ്സിനെക്കുറിച്ചോർക്കുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയനൈർമ്മല്യമാണെനിക്കോർമ്മയിൽ വരുന്നത്.

അദ്ദേഹത്തിന് നേരമ്പോക്കുകൾ വളരെ പ്രിയമായിരുന്നു. മൃഗങ്ങളോടും പക്ഷികളോടും പ്രത്യേകം ഒരു സ്നേഹം അദ്ദേഹത്തിനുണ്ടായിരുന്നു.

നാട്ടുകാര്യങ്ങൾ ഞാൻ പറയുമായിരുന്നു. അവ കേൾക്കുവാൻ അവിടുന്ന് അത്യധികം താല്പര്യം കാണിച്ചിരുന്നു.

പ: ബാവാ തിരുമനസ്സിന് മധുരം വളരെ ഇഷ്ടമായിരുന്നു. ഡോക്ടർമാർ അതു വിലക്കിയിരുന്നു എങ്കിലും ധാരാളമായി മധുരം കഴിക്കുമായിരുന്നു.

പലപ്പോഴും ഞാൻ പായസ്സമുണ്ടാക്കിക്കൊണ്ടു ചെല്ലുമായിരുന്നു. അപ്പോൾ ഒരു പുഞ്ചിരിയോടെ ചോദിക്കും.

'നീ എന്നെ കൊല്ലാൻ കൊണ്ടുവന്നിരിക്കുകയാണോ'

പിന്നീടതുവാങ്ങി സന്തോഷത്തോടെ കഴിക്കും.

ഒട്ടേറെ സംഭവങ്ങൾ ഓർമ്മയുടെ ചിമിഴിനുള്ളിൽ സൂക്ഷിക്കുന്ന ചെമ്പകശ്ശേരിൽ സി. വി. ടൈററസ് ബാവായെക്കുറിച്ച് സംസാരിക്കുമ്പോൾ അതീവവാചാലനായി മാറുന്നത് കാണാമായിരുന്നു.

തികഞ്ഞ സഭാസ്നേഹി പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ കാലത്ത് സഭയുടെ പല സുപ്രധാന സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുള്ള സി. വി. ടൈററസിനോട് ഹെറാൾഡ് പ്രവർത്തകർ നടത്തിയ അഭിമുഖ സംഭാഷണത്തിൽനിന്ന്.

തയ്യാറാക്കിയത് –ജോൺ കക്കാട്

## കോൺഫറൻസ്...

(1–ാം പേജിൽ നിന്നു തുടർച്ച)

മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഫാ: ററി. ജെ. ജോഷ്വാ ബൈബിൾ ക്ലാസ്സ് എടുത്തു.

## കരുവാററാ ഓത്തഡോക്സ് കൺവൻഷൻ

കരുവാററാ: മാർ യാക്കോബ് ബുർദ്ദാനാ ഓത്തഡോക്സ് പള്ളിയിലെ കൺവൻഷൻ മാർച്ച് ഒന്നുമുതൽ നാലുവരെ തീയതികളിൽ നടത്തി. പോൾ സിനിരാജ് മുഹമ്മദ് പ്രൊഫ: ററി. എം. മാത്യു, ഫാ: വി. എ. മാത്യു, മാത്യുശങ്കരത്തിൽ എന്നിവർ പ്രസംഗിച്ചു.

## സംയുക്ത ജൂബിലി ആഘോഷം

കൊല്ലം: കാലം ചെയ്ത ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ചരമജൂബിലിയും, അദ്ദേഹം സ്ഥാപിച്ച കുണ്ടറ സെമിനാരിയുടെ വജ്രജൂബിലിയും മാർച്ച് 4 മുതൽ 6വരെ കുണ്ടറ സെമിനാരിയിൽ നടത്തുന്നതാണ്. ജൂബിലിയോടനുബന്ധിച്ച് 6–ാം തീയതി വൈദിക കോൺഫറൻസ് നടത്തുന്നതാണ്. ഫാ. ററി. ജെ. ജോഷ്വാ, ഫാ. മാത്യു വൈദ്യൻ എന്നിവർ ക്ലാസ്സ് എടുക്കുന്നതാണ്.

## Statement about ownership and other Particulars about MALANKARA ORTHODOX HERALD

**(WEEKLY)**
FORM IV
(See Rule 8)

| | | |
|---|---|---|
| 1 | Place of Publication | : Devalokam.Kottayam |
| 2 | Periodicity of it's Publication | : Weekly |
| 3 | Publisher's name | : Rev.Mathew Varghese (Shebaly) |
| | Whether Citizen of India | : Yes |
| | Address | : Malankara Orthodox Herald, Devalokam Kottayam–686 038, |
| 4 | Editor's name | : Rev. Mathew Varghese (Shebaly) |
| | Whether Citizen of India | : Yes |
| | Address | : Malankara Orthodox Herald, Devalokam Kottayam-686 038 |
| 5 | Printer's Name | : Rev. C. K. Joseph Ramban |
| | Whether Citizen of India | : Yes |
| | Address | : Malankara Orthodox Herald Devalokam Kottayam-686 038 |
| 6 | Name & address of Individuals who own the news paper | Malankara Orthodox Church Faith & Culture Fellowship under the patronship of H H. the Catholicos of the East Mar Thoma Mathews-1 |

I Rev. Mathew Varghese (Shebaly), hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Dated: 1-3-1989

Rev. Mathew Varghese (Shebaly)
Publisher

ബൈബിളിലൂടെയുള്ള ഒരു തീർത്ഥയാത്രയാണ്

**കെ. ജോൺ മാത്യൂസ് തുമ്പമൺ**
**എഴുതുന്ന**

## ഇവരെ പരിചയപ്പെട്ടുക

## ഇവരുടെ പ്രാർത്ഥനകളും

**എന്ന പംക്തി**

സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ സംസാരിക്കുന്ന ബൈബിൾ രംഗങ്ങൾ അടത്തിയെടുത്ത്
പഴയനിയമം പുതിയനിയമകാല കഥാപാത്രങ്ങൾക്കിടയിലൂടെ
ഒരു തീർത്ഥയാത്ര

**അടുത്തലക്കം മുതൽ ഹെറാൾഡിൽ**

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob (Hon Chief) Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam Kottayam-686 038